"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മലബാർ കാൻസർ സെന്റർ - മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച് ആയി പ്രഖ്യാപിച്ചുകൊണ്ടും, മലബാർ കാൻസർ സെന്ററിന്റെ പേര് മലബാർ കാൻസർ സെന്റർ (പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച്) ആയി പുനഃനാമകരണം ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ്

സ.ഉ.(കൈ) നം.118/2022/H&FWD തീയതി,തിരുവനന്തപുരം, 18-06-2022

---

പരാമർശം:- മലബാർ കാൻസർ സെന്റർ ഡയറക്ടറുടെ 19.04.2022 തീയതിയിലെ 200/Dir/22/MCC നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച് ആയി പ്രഖ്യാപിക്കണമെന്നും, മലബാർ കാൻസർസെന്ററിന്റെ പേര് മലബാർ കാൻസർ സെന്റർ (പോസ്റ്റ് -ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച്) ആയി പുനഃനാമകരണം ചെയ്യണമെന്നും ആവശ്യപ്പെട്ട് മലബാർ കാൻസർ സെന്റർ ഡയറക്ടർ പരാമർശിത കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. മലബാർ കാൻസർ സെന്ററിനെ ഘട്ടം ഘട്ടമായി പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച് ആയി വികസിപ്പിക്കുന്നതിന് 07/08/2016 തീയതിയിലെ മലബാർ കാൻസർ സെന്ററിന്റെ 9-ാം ഗവേണിംഗ് ബോഡി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ക്യാൻസർ ചികിത്സയ്ക്കുള്ള അത്യാധുനിക സൗകര്യങ്ങൾ, രോഗനിർണ്ണയം, ഗവേഷണം, വിദ്യാഭ്യാസം, പരിശീലനം തുടങ്ങിയവയ്ക്കും ക്ലിനിക്കൽ കെയറിനും ഊന്നൽ നൽകിക്കൊണ്ട്, 5 വർഷത്തിനുള്ളിൽ സ്ഥാപനത്തിന്റെ, താഴെ പറയുന്ന സവിശേഷതകളോട് കൂടിയ പൂർണ്ണമായ വികസനമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

i. ക്യാമ്പസിന് ഹോസ്പിറ്റൽ സോൺ, അക്കാദമിക് & റിസർച്ച് സോൺ, റസിഡൻഷ്യൽ സോൺ എന്നിങ്ങനെ മൂന്ന് സോണുകൾ ഉണ്ടായിരിക്കും.

ii. കാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള നൂതന സൗകര്യങ്ങളോടുകൂടിയ 500 ൽപ്പരം കിടക്കകൾ ഉള്ള സമഗ്ര കാൻസർ ആശുപത്രി.

iii. വിവിധ കോഴ്സുകളിലായി 500 -ൽപ്പരം വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്നതിനുള്ള സൗകര്യം.

iv. ക്ലിനിഷ്യൻസ്, അക്കാദമിഷ്യൻസ്, റിസർച്ചേഴ്സ് എന്നിവർക്ക് തങ്ങളുടെ ജോലി തുടരുന്നതിനും പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിനും ഇൻ ക്യാമ്പസ് റസിഡൻഷ്യൽ സൗകര്യം.

v. സംസ്ഥാനത്തെ ഓങ്കോളജി മേഖലയിലെ മനുഷ്യ വിഭവശേഷി ഉൽപ്പാദിപ്പിക്കുന്ന ഒരു

പ്രധാന സ്ഥാപനമായി പ്രവർത്തിക്കാം

vi. വിവിധ ഘട്ടങ്ങളിൽ ആവശ്യമുള്ള ജീവനക്കാരെ ആവശ്യാനുസരണം ലഭ്യമാക്കും.

3. മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച് ആയി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഘട്ടം I, ഘട്ടം II പദ്ധതികൾ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബോർഡ് (കിഫ്ബി) അനുവദിച്ചിട്ടുണ്ട് .

4.മലബാർ കാൻസർ സെന്ററിൽ നാഷണൽ മെഡിക്കൽ കമ്മീഷന് കീഴിൽ പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ കോഴ്സ് ആരംഭിക്കുന്നതിനായി മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച് ആയി പ്രഖ്യാപിക്കണമെന്നും, മലബാർ കാൻസർ സെന്ററിന്റെ പേര് മലബാർ കാൻസർ സെന്റർ (പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച്) എന്ന് പുനർനാമകരണം ചെയ്യണമെന്നും മലബാർ കാൻസർ സെന്റർ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച് ആയി പ്രഖ്യാപിച്ചും, മലബാർ കാൻസർ സെന്ററിന്റെ പേര് മലബാർ കാൻസർ സെന്റർ (പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച്) ആയി പുനഃനാമകരണം ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജൻ നാംദേവ് ഖൊബ്രഗഡെ
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 818)
ധനകാര്യ വകുപ്പ്
ഐ& പി.ആർ.ഡി
സ്റ്റോക്ക് ഫയർ/ ഓഫീസ് കോപ്പി (HEALTH-FW1/305/2016-HEALTH)

ഉത്തരവിൻ പ്രകാരം
Signed by Neelima G
Date: 20-06-2022 12:02:20
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ (ആരോഗ്യം) പി.എ യ്ക്ക്

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-06-2022

ഇനം നം: 818

ഫയൽ നം. HEALTH-FW1/305/2016/HEALTH.

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച് ആയി പ്രഖ്യാപിക്കുന്നതും, അതോടൊപ്പം മലബാർ കാൻസർ സെന്ററിന്റെ പേര് മലബാർ കാൻസർ സെന്റർ (പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച്) ആയി പുനഃനാമകരണം ചെയ്യുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

Put up draft Issue G.O.

Rajan

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഫയൽ നം. | : | HEALTH-FW1/305/2016-HEALTH |
| 2. വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ് |
| 3. വിഷയം | : | മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്ജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച് ആയി പ്രഖ്യാപിക്കുന്നതും, അതോടൊപ്പം മലബാർ കാൻസർ സെന്ററിന്റെ പേര് മലബാർ കാൻസർ സെന്റർ (പോസ്റ്റ് ഗ്രാജ്ജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച്) ആയി പുനഃനാമകരണം ചെയ്യുന്നതും - സംബന്ധിച്ച് |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02.06.2022 |
| 5.(i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഇല്ല |
| (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ബി. സുരേന്ദ്രൻ പിള്ള |
| 8. കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. രാജൻ നാംദേവ് ഖോബ്രാഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 07.06.2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി. പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.06.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10.06.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13.06.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്ജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച് ആയി പ്രഖ്യാപിക്കണമെന്നും സെന്ററിന്റെ പേര് മലബാർ കാൻസർ സെന്റർ (പോസ്റ്റ് -ഗ്രാജ്ജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച്) ആയി പുനഃനാമകരണം ചെയ്യണമെന്നുള്ള മലബാർ കാൻസർ സെന്റർ ഡയറക്ടറുടെ പ്രൊപ്പോസൽ സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. മലബാർ കാൻസർ സെന്ററിനെ ഘട്ടം ഘട്ടമായി പോസ്റ്റ് ഗ്രാജ്ജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച് ആയി വികസിപ്പിക്കുന്നതിന് 7/8/2016 തീയതിയിലെ മലബാർ കാൻസർ സെന്ററിന്റെ 9-ാം ഗവേണിംഗ് ബോഡി തത്വത്തിൽ അംഗീകാരം നൽകിയതായി മലബാർ കാൻസർ സെന്റർ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ക്യാൻസർ ചികിത്സയ്ക്കുള്ള അത്യാധുനിക സൗകര്യങ്ങൾ, രോഗനിർണ്ണയം, ഗവേഷണം, വിദ്യാഭ്യാസം, പരിശീലനം തുടങ്ങിയവയും ക്ലിനിക്കൽ കെയറിനും ഊന്നൽ നൽകിക്കൊണ്ട്, 5 വർഷത്തിനുള്ളിൽ സ്ഥാപനത്തിന്റെ പൂർണ്ണമായ വികസനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആയതിന്റെ സവിശേഷതകൾ താഴെ ചേർക്കുന്നു.

i. ക്യാമ്പസിന് ഹോസ്പിറ്റൽ സോൺ, അക്കാദമിക് & റിസർച്ച് സോൺ, റസിഡൻഷ്യൽ സോൺ എന്നിങ്ങനെ മൂന്ന് സോണുകൾ ഉണ്ടായിരിക്കും.
ii. കാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള നൂതന സൗകര്യങ്ങളോടുകൂടിയ 500 ൽപ്പരം കിടക്കകൾ ഉള്ള സമഗ്ര കാൻസർ ആശുപത്രി.
iii. വിവിധ കോഴ്സുകളിലായി 500 -ൽപ്പരം വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്നതിനുള്ള സൗകര്യം.
iv. ക്ലിനിഷ്യൻസ്, അക്കാദമിഷ്യൻസ്, റിസർച്ചേഴ്സ് എന്നിവർക്ക് തങ്ങളുടെ ജോലി തുടരുന്നതിനും പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിനും ഇൻ ക്യാമ്പസ് റസിഡൻഷ്യൽ സൗകര്യം.
v. സംസ്ഥാനത്തെ ഓങ്കോളജി മേഖലയിലെ മനുഷ്യ വിഭവശേഷി ഉൽപ്പാദിപ്പിക്കുന്ന ഒരു പ്രധാന സ്ഥാപനമായി പ്രവർത്തിക്കുക.
vi. വിവിധ ഘട്ടങ്ങളിൽ ആവശ്യമുള്ള ജീവനക്കാരെ ആവശ്യാനുസരണം ലഭ്യമാക്കും.
vii. അംഗീകരിച്ച മാസ്റ്റർ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം.

3. മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്ജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച് ആയി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഘട്ടം I, ഘട്ടം II പദ്ധതികൾ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബോർഡ് (കിഫ്ബി) അനുവദിച്ചിട്ടുണ്ട് എന്ന് മലബാർ

കാൻസർ സെന്റർ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഘട്ടം I ഇപ്പോൾ നടന്നു വരികയാണ്. ഘട്ടം II നുള്ള ഫണ്ട് സമാഹരിച്ചിട്ടുള്ളതും ടെൻഡർ നടപടികളിലേയ്ക്ക് കടക്കുകയുമാണ്.

4. മേൽ സാഹചര്യത്തിൽ മലബാർ കാൻസർ സെന്ററിൽ നാഷണൽ മെഡിക്കൽ കമ്മിഷനു (എൻ.എം.സി) കീഴിൽ പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ കോഴ്സ് ആരംഭിക്കുന്നതിനായി മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച് ആയി ഉയർത്തി പ്രഖ്യാപിക്കണമെന്നും, സ്ഥാപനത്തിന്റെ പേര് മലബാർ കാൻസർ സെന്റർ (പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച്) ആയി പുനഃനാമകരണം ചെയ്യണമെന്നും മലബാർ കാൻസർ സെന്റർ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

5. മലബാർ കാൻസർ സെന്ററിനെ പോസ്റ്റ്- ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച് ആയി പ്രഖ്യാപിക്കുന്നതു സംബന്ധിച്ചും മലബാർ കാൻസർ സെന്ററിന്റെ പേര് മലബാർ കാൻസർ സെന്റർ (പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച്) ആയി പുനഃനാമകരണം ചെയ്യുന്നത് സംബന്ധിച്ചും ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭാ യോഗത്തിൽ തീരുമാനത്തിനായി സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച് ആയി പ്രഖ്യാപിക്കാമോ, അതോടൊപ്പം മലബാർ കാൻസർ സെന്ററിന്റെ പേര് മലബാർ കാൻസർ സെന്റർ (പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച്) ആയി പുനഃനാമകരണം ചെയ്യാമോ?